**കൃഷി മേഖലയിൽ ആത്മ നടപ്പാക്കുന്ന പദ്ധതികൾ**

167(2412) ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. പി. ടി. എ. റഹീം :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. വി. ശശികുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി മേഖലയിൽ ആത്മ നടപ്പാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകുമോ ;

(ബി) പുത്തൻ കൃഷിരീതികളുമായി കർഷകരെ ബോധവൽക്കരിക്കുന്നതിനും, പ്രായോഗിക പരിശീലനം നൽകുന്നതിനുമായി സംസ്ഥാനത്ത് ഫാം സ്കൂൾ പദ്ധതി നടപ്പാക്കുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) ഇതിനായി കേന്ദ്രസർക്കാർ സംസ്ഥാനത്തിന് നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ് ;

(ഡി) കൂടുതൽ പ്രദേശങ്ങളിൽ മെച്ചപ്പെട്ട കർഷക പങ്കാളിത്തത്തോടെ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കാർഷിക അനുബന്ധ മേഖലകളിലെ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി 90% കേന്ദ്ര സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതികളാണ് 'ആത്മ' പദ്ധതിയുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. കർഷകർക്കായി പരിശീലന പരിപാടികൾ, പ്രദർശനത്തോട്ടങ്ങൾ, കാർഷികാനുബന്ധ മേഖലയിൽ പഠനയാത്രകൾ, ഉല്പാദക ഗ്രൂപ്പുകളുടെ രൂപീകരണവും ശാക്തീകരണവും, കർഷക ഗ്രൂപ്പുകൾക്കുള്ള അവാർഡുകൾ, പ്രോത്സാഹന സമ്മാനങ്ങൾ, സംസ്ഥാന ജില്ലാതല പ്രദർശനങ്ങൾ, ശില്പശാലകൾ, കർഷകരുടെ കൃഷിയിടങ്ങളിൽ അവരുടെ തന്നെ മേൽനോട്ടത്തിൽ ഫാം സ്കൂളുകൾ നടപ്പിലാക്കൽ തുടങ്ങിയവയ്ക്ക് സാമ്പത്തിക സഹായവും സാങ്കേതിക ഉപദേശങ്ങളും ലഭ്യമാക്കുകയെന്നതാണ് പ്രധാനമായും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

(ബി) ഫാം സ്കൂളുകൾ എല്ലാ ജില്ലകളിലും നടപ്പിലാക്കിയിട്ടുണ്ട്. 2008-09 വർഷത്തിൽ 43, 2009-10 വർഷത്തിൽ 97, 2010-11 വർഷത്തിൽ, 2011 ജനുവരി മാസം വരെ 90 എന്നിങ്ങനെ ഫാം സ്കൂൾ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

(സി) ഫാം സ്കൂൾ ഒന്നിന് വിവിധ ഘടകങ്ങൾക്കായി 29,414 രൂപ ധന സഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ അടുത്തടുത്ത രണ്ടോ മൂന്നോ ഫാം സ്കൂളുകൾക്കായി പൊതു അടിസ്ഥാന സൗകര്യങ്ങൾക്കുള്ള മൂലധനമായി 4000 രൂപയും ഒറ്റത്തവണ ധനസഹായമായി നൽകാവുന്ന പദ്ധതിയുമുണ്ട്.

(ഡി) സംസ്ഥാനത്തിന്റെ ആവശ്യം പൂർണ്ണമായും ഉൾക്കൊണ്ട് ഫാം സ്കൂളുകൾ നടപ്പിലാക്കാൻ ഉതകുന്ന നയമാണ് നിലവിലുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly